# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 17.04.2024 മുതൽ 21.04.2024 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 16/2024, (31) ചൊവ്വാഴ്ച** | **തീയ്യതി 16/04/2024** |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ഏപ്രിൽ 10 മുതൽ 2024 ഏപ്രിൽ 16 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2024 ഏപ്രിൽ 17 മുതൽ ഏപ്രിൽ 21 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 10/04 | 11/04 | 12/04 | 13/04 | 14/04 | 15/04 | 16/04 | തീയ്യതി | | 17/04 | 18/04 | 19/04 | 20/04 | 21/04 |
| 0.0 | 0.0 | 0.0 | 7.3 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0 | 0 | 0.1 | 2 | 4 |
| 39.8 | 40.3 | 39.6 | 39.1 | 38.5 | 39.1 | 39.7 | ഉയർന്ന താപനില (°C) | | 40 | 40 | 39 | 38 | 38 |
| 27.4 | 27.6 | 26.9 | 23.1 | 26.8 | 25.4 | 27.5 | കുറഞ്ഞ താപനില (°C) | | 28 | 28 | 27 | 27 | 27 |
| Partially cloudy | Cloudy | Cloudy | Cloudy | Partially cloudy | Partially cloudy | Cloudy | AM | Cloudy | Cloudy | Overcast | Overcast | Overcast | Overcast |
| Partially cloudy | Partially cloudy | Cloudy | Cloudy | Partially cloudy | Partially | | PM | | | | | | |
| 83 | 88 | 85 | 94 | 85 | 68 | 89 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 73 | 73 | 73 | 73 | 73 |
| 27 | 34 | 42 | 35 | 31 | 30 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 54 | 54 | 54 | 54 | 54 |
| 2.3 | 3.3 | 2.8 | 4.0 | 2.6 | 3.3 | 3.7 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 3 | 3 | 3 | 4 |
| NNE | ENE | C | C | C | NNE | C | AM | SW | SW | WSW | W | W | WSW |
| NNE | SW | ESE | NNE | ENE | SE | | PM | | | | | | |
| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | | | | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | | 01/03/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | |
| 7.3 | | | | 139.5 | | | | | 7.3 | | | | |

കാലാവസ്ഥാ അറിയിപ്പ്: 2024 ഏപ്രിൽ 16, 17 തീയ്യതികളിൽ തൃശ്ശൂർ ജില്ലയിൽ കൂടിയ താപനില ഏകദേശം 40℃ ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ:** വേനൽച്ചൂടിൽനിന്നും ജനങ്ങളെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാതിരിക്കാൻ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറയ്ക്കാം.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പുഞ്ച) മൂപ്പെത്തിയ പരുവം | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ടു മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ, വൈകീട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ മരുന്നുതളി പരാഗണത്തിനെ പ്രതികൂലമായി ബാധിക്കും. |
| തെങ്ങ് | - | മഴ തുടങ്ങുന്നതിനു മുൻപായി തെങ്ങിന്റെ തടം തുറന്ന് ഓരോ വലിയ തെങ്ങിനും ഒരു കിലോ കുമ്മായം വീതം ഇട്ടുകൊടുക്കുക. |
| മുളക് | വെള്ളീച്ച | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ മുളകിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്കവിധം പത്ത് ദിവസത്തെ ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 4 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകുന്നേരം 4 മണിക്ക് ശേഷമോമാത്രം മേയാൻ അനുവദിക്കുക. അതിൽ വൈകുന്നേരം മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്. അന്തരീക്ഷത്തിലെ ചൂട് കൂടി വരുന്നതിനാൽ കന്നുകാലികൾക്ക് ധാരാളം തണുത്ത വെള്ളം കൊടുക്കുക. അതിരാവിലെയും വൈകിട്ടും പുല്ല്, വൈക്കോൽ മുതലായ പരുഷാഹാരങ്ങൾ നൽകുക. നേരിട്ട് സൂര്യാഘാതം ഏൽക്കാത്ത രീതിയിൽ മാറ്റിക്കെട്ടുക. (CAADECCS, KVASU, Mannuthy).